# കേരരള സർക്കാർ

## സംഗ്രഹം

വനംവകുപ്പ് തടിലേലം - ട്രഷറിയിൽപണം അടയ്ക്കുന്നതിനുള്ള പുതിയ ക്രമീകരണം ഉത്തരവ് - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ഡി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) നം. 420/95/വനം. തീയതി,തിരുവനന്തപുരം 10..11..1995.

---

പരാമർശം .- 1. 16..9..1995 ലെ സർക്കാർ ഉതതരവ് (സാധാരണ) നം. 352/95/വനം.
2. പൊള്ളാച്ചി ടിംബർ മർച്ചന്റ്സ് അസോസിയേറ്റ് 8..4..95 ലെ നിവേദനം.
3. ഓൾ കേരള ടിംബർ മർച്ചന്റ്സ് അസോസിയേഷന്റെ 1..11..1995 ലെ നിവേദനം.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവു പ്രകാരം തടി ലേലത്തിൽ പങ്കെടുത്തവർ ലേലദിവസം അടയ്ക്കുന്നതു കഴിച്ച് ബാക്കി തുക അതത് ഡിപ്പോകൾക്ക് സമീപമുള്ള ട്രഷറികളിൽ മാത്രം അടയ്ക്കുന്നതിനു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഈ ഉത്തരവിനു താഴെ പറയുംപ്രകാരം ഭാഗിക ഭേദമായി വരുത്തി ഉത്തരവാകുന്നു.

തടി ലേലം നടത്തുന്നതിന് വില പണമായിട്ടടയക്കുന്നതിന് പുറമേ ഡ്രാഫ്റ്റായിട്ടും അടയ്ക്കാവുന്നതാണ്. ഡ്രാഫ്റ്റുകൾ അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന ലേലസ്ഥലത്തുള്ള ബാങ്കിന്റെ ക്ളിയറിംഗ് ഹൗസിൽപെട്ട ഏതെങ്കിലും ദേശസാൽകൃതബാങ്കിലോ ഷെഡ്യൂൾ ബാങ്കിലോ മാറാവുന്നതായിരിക്കണം. അപ്രകാരം വേണം ലേലക്കാർ മറ്റ് സ്ഥലങ്ങളിൽ നിന്നും ഡ്രാഫ്റ്റുകൾ എടുക്കുവാൻ ഡ്രാഫ്റ്റുകൾ ലേലസ്ഥലത്തെ ഡിപ്പോ ഓഫീസറുടേ ആയത് ഡിപ്പോ റെയിഞ്ച് ഓഫീസറുടെയോ തടി വില്പനവിഭാഗം ഡിവിഷണൽ ഫോറസ്ററ് ഓഫീസറുടെയോ പേരിൽ വേണം എടുക്കുവാൻ. ഇപ്രകാരം ലേലസ്ഥലത്തേയ്ക്ക്, മുമ്പു പറഞ്ഞ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ എടുക്കുന്ന ഡ്രാഫ്റ്റുകൾ വില്പന ഡിപ്പോ ഓഫീസിൽ, ലേലക്കാർ ഹാജരാകേണ്ടതും, ഓഫീസിൽ നിന്നും രസിത് വാങ്ങേണ്ടതുമാണ്. ഡ്രാഫ്റ്റുകൾ കിട്ടിയാലുടൻ തന്നെ വില്പന ഡിപ്പോ ഉദ്യോഗസ്ഥൻമാർ തടി ലേലക്കാർക്ക് വിട്ടുകൊടുക്കേണ്ടതും ആവശ്യമായ പാസ്സുകൾ കൊടുക്കേണ്ടതുമാണ്.

അതോടൊപ്പം തന്നെ വില്പന ഡിപ്പോ ഉദ്യോഗസ്ഥന്മാർ ഡ്രാഫ്റ്റുകൾ ചെലാൻ സഹിതം അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലത്തെ ബാങ്കിൽ ഹാജരാക്കി സർക്കാർ അക്കൗണ്ടിൽ വരവ് വരുത്തേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ജോൺ മത്തായി.
സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) / ചീഫ്ഫോറസ്റ്റ് കണ്സർവേറ്റർ (വികസനം)

ധനവകുപ്പ് , (24..8..1995 ലെ 24911/എഡബ്ളിയുഎ1/95/ഫിൻ. നം.അനൗദ്യോഗിക കുറിപ്പ് പ്രകാരം).

പൊള്ളാച്ചി ടിംബർ മർച്ചന്റ്സ് അസോസിയേഷൻ ,
ഓൾ കേരള ടിംബർ മർച്ചന്റ്സ് അസോസിയേഷൻ ,
സ്റ്റോക്ക്ഠ ഫയൽ.

// പകർപ്പ് //

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാഫീസ്,
തിരുവനന്തപുരം, തീയതി.23..1.1.95

**<u>മേലേഴുത്ത് നംപർ. എഫ് യു 3– 24043/95,</u>**

പകർപ്പ് അനുബന്ധം സഹിതം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) വിജിലൻസ് /വന്യജീവി/സാമൂഹ്യവനവൽക്കരണം/ ലോകഭക്ഷ്യപദ്ധതി .

പകർപ്പ് ഫോറസ്ററ് കൺസർവേറ്റർ കൊല്ലം/കോട്ടയം/തൃശ്ശൂർ/പാലക്കാട് /കോഴിക്കോട്സാമൂഹ്യവൽക്കരം കൊല്ലം/കോഴിക്കോട്/വർക്കിൾപ്ളാൻ റിസർച്ച സർക്കിൾ, തിരുവനന്തപുരം/ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം അടിയന്തിര നടപടികൾക്കായി അയയ്ക്കുന്നു.

പകർപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് തിരുവനന്തപുരം/പുനലൂർ/പെരുംപാവൂർ/കോഴിക്കോട് .

പകർപ്പ്. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും /വൈൽഡ് ലൈഫ് വാർഡൻമാർക്കും അയയ്ക്കുന്നു. അനുബന്ധത്തിൽ നിർദദേശിക്കുന്ന ബാങ്ക് ട്രഷറികളിൽ പണമടയ്ക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടറെയിഞ്ച് ഓഫീസർ വൈൽഡ ലൈഫ് വാർഡൻമാർക്കും ഉടൻ പ്രാബലയത്തിൽ വരത്തക്കവിധം നൽകേണ്ടതാണ്.

പകർപ്പ് എല്ലാ ഡിപ്പോ ഓഫീസർമാർക്കും /റെയിഞ്ച് ഓഫീസർമാർക്കും അസി. വൈൽഡ് ലൈഫ് വാർഡന്മാർക്കും അടിയന്തിരനടപടികൾക്കായി അയയ്ക്കുന്നു.

പകർപ്പ് എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും അയക്കുന്നു.

പകർപ്പ് സെക്ഷനുകൾ എ, ബി, സി, ബി, പി, എഫ്യു (1), ഏഫ്യു (2)

പകർപ്പ് തിരുവനന്തപുരം ടിംബർ മർച്ചന്റ്സ് അസോസിയേഷൻ , പവർഹൗസ് റോഡ് തിരുവനന്തപുരം ,മലപ്പുറം ജില്ലാ ടിംബർ മർച്ചന്റ്സ് അസോസിയേഷൻ ,നിലംപൂർ.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സം) വേണ്ടി

## അനുബന്ധം

| | ഡിവിഷന്റെ /ഡിപ്പോയുടെ പേര് | പണമടയ്ക്കേണ്ട ട്രഷറിയുടെ പേര് | ഡി.ഡി. അടയ്കകേണ്ട ബാങ്കിന്റ പേര് |
|---|---|---|---|
| 1. | തിരുവനന്തപുരം ടെറിട്ടോറിയൽ ഡിവിഷനിലെ റെയിഞ്ചുകൾ , കുളത്തൂപ്പുഴ സെയിൽസ് ഡിപ്പോ | സബ്ട്രഷറി, വെള്ളയമ്പലം | എസ് ബി. റ്റി വെള്ളയമ്പലം |
| 2. | പുനലൂര ഡിവിഷനിലെ റെയിഞ്ചുകൾ | പുനലൂർ സബ് ട്രഷറി | എസ് ബി റ്റി പുനലൂർ |
| 3 | കോന്നി ഡിവിഷനിലെ റെയിഞ്ചുകൾ പത്തനാപുരം ഡിപ്പോ, കോന്നി ഡിപ്പോ അരീക്കാവു ഡിപ്പോ ആങ്ങമൂഴി ഡിപ്പോ | ഡിസ്ട്രിക്ട് ട്രഷറി പത്തനംതിട്ട | എസ് ബി റ്റി പത്തനംതിട്ട |
| 4. | വീയപുരം ഡിപ്പോ | സബ്ട്രഷറി ഹരിപ്പാട് | എസ് ബി റ്റി ഹരിപ്പാട് |
| 5 | റാന്നി ഡിവിഷനി െ റെയിഞ്ചുകൾ | സബ് ട്രഷറി റാന്നി | എസ് ബി റ്റി റാന്നി |
| 6. | കോട്ടയം ഡിവിഷനിലെ റെയിഞ്ചുകൾ പാറംപുഴ ഡിപ്പോ തേക്കടി വൈൽഡ് ലൈഫ് ഡിവിഷൻ | ഡിസ്ട്രിക്ട് ട്രഷറി കോട്ടയം | എസ് ബി ററി കോട്ടയം |
| 7. | കോതമംഗലം ഡിവിഷനിലെ റെയിഞ്ചുകൾ കോതമംഗലം ഡിപ്പോ,തലക്കോട് ഡിപ്പോ | സബ് ട്രഷറി കോതമംഗലം | എസ് ബി റ്റി കോതമംഗലം |
| 8. | വെട്ടുകാട് ഡിപ്പോ | സബ് ട്രഷറിമൂവാറ്റുപുഴ | എസ് ബി റ്റി മൂവാറ്റുപുഴ |
| 9. | മൂന്നാർ ഡിവിഷനിലെ റെയിഞ്ചുകൾ മാങ്കുളം സ്പെഷ്യൽ ഡിവിഷൻ | സബ്ട്രഷറി ദേവികുളം | എസ് ബി റ്റി മൂന്നാർ |
| | തെന്മല ഡിവിഷനിലെ റെയിഞ്ചുകൾ അച്ചൻ കോവിൽ ഡിവിഷനിലെ . റെയിഞ്ചുകൾ | പുനലൂർ സബ്ട്രഷറി | എസ് ബി റ്റി പുനലൂർ |
| 10. | മലയാറ്റൂർ ഡിവിഷനിലെ റെയിഞ്ചുകൾ മുടിക്കൽ ഡിപ്പോ | സബ്ട്രഷറി പെരുമ്പാവൂർ | എസ് ബി റ്റി പെരുമ്പാവൂർ |
| 11. | ചാലക്കുടി ഡിവിഷനിലെ റെയിഞ്ചുകൾ വാഴച്ചാൽ ഡിവിഷനിലെ റെയിഞ്ചുകൾ ചെട്ടിക്കുളം ഡിപ്പോ ചാലക്കുടി ഡിപ്പോ | സബ്ട്രഷറി ചാലക്കുടി | എസ് ബി റ്റി ചാലക്കുടി |
| 12 . | തൃശ്ശൂർ ഡിവിഷനിലെ റെയിഞ്ചുകൾ | ഡിസ്ട്രിക്ട് ട്രഷറി തൃശ്ശൂർ | എസ് ബി റ്റി തൃശ്ശൂർ |
| 13. | പാലക്കാട്, നെമ്മാറ, പറംപിക്കുളം ചാലക്കുടി ഡിവിഷനിലെ റെയിഞ്ചുകൾ | ഡിസ്ട്രിക്ട് ട്രഷറി പാലക്കാട് | എസ് ബി റ്റി പാലക്കാട് |
| 14. | നിലംപൂർ (നോർത്ത്) നിലംപൂർ സൗത്ത് ഡിവിഷനിലെ റെയിഞ്ചുകൾ | സബ്ട്രഷറി നിലംപൂർ | എസ് ബി റ്റി നിലംപൂർ |

| | | | |
|---|---|---|---|
| 15. | കോഴിക്കോട് ഡിവിഷനിലെ റെയിഞ്ചുകൾ ചാലിയം ഡിപ്പോ | ഡിസ്ട്രിക്ട് ട്രഷറി കോഴിക്കോട് | എസ് ബി റ്റി കോഴിക്കോട് |
| 16 | വയനാട് വൈൽഡ് ലൈഫ് ഡിപ്പോ സൗത്ത് വയനാട് ഡിവിഷനിലെ റെയിഞ്ചുകൾ കുപ്പാടി ഡിപ്പോ | സബ്ട്രഷറി സുൽത്താൻബത്തേരി | എസ് ബി റ്റി സുൽത്താൻബത്തേരി |
| 17 | നോർത്ത് വയനാട് ഡിവിഷനിലെ റെയിഞ്ചുകൾ കണ്ണവം ഡിപ്പോ, ബാവലി ഡിപ്പോ | സബ്ട്രഷറി മാനന്തവാടി | എസ് ബി റ്റി മാനന്തവാടി |
| 18. | കണ്ണൂർ ഡിവിഷനിലെ റെയിഞ്ചുകൾ | സബ്ട്രഷറി കണ്ണൂർ | എസ് ബി റ്റി കണ്ണൂർ. |

ഒപ്പ്

സെക്ഷൻ ഓഫീസർ

// പകർപ്പ് //

ചീഫ് ഫോറസ്റ്റ് കൺസർവേറ്റിർക്കുവേണ്ടി,